## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം : *499 | 05-07-2012-ൽ മറുപടിക്ക്

### ഊർജ്ജ ക്ലിനിക് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. എം.പി. വിൻസെൻറ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. പാലോട് രവി | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) ഊർജ്ജ ക്ലിനിക് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) ഗാർഹിക മേഖലയിലെ ഊർജ്ജ ലാഭം ലക്ഷ്യമിട്ടുകൊണ്ടാണ് ഊർജ്ജ ക്ലിനിക്ക് പരിപാടി നടത്തി വരുന്നത്. എനർജി മാനേജ്മെൻറ് സെൻററിൽ നിന്നും പരിശീലനം ലഭിച്ച വനിതാ വാളണ്ടിയർമാർ വീട്ടമ്മമാർക്ക് ഊർജ്ജ സംരക്ഷണ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു. ഈ പരിപാടിയിലുടെ ഊർജ്ജസംരക്ഷണ രംഗത്തുണ്ടാവുന്ന അറിവുകൾ പകർന്നു നൽകുന്നതിനും ഗാർഹിക മേഖലയിൽ ഊർജ്ജ കാര്യക്ഷമത കൈവരിക്കുന്നതിനും ലക്ഷ്യമിടുന്നു. വീടുകൾ സന്ദർശിച്ച് വീട്ട്മ്മമാർക്ക് ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്ന ലഘുലേഖകൾ വിതരണം ചെയ്യുന്നു. ഇതു മൂലം<br>1. വീട്ടമ്മമാർക്ക് ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങൾ നേരിട്ട് ചർച്ച ചെയ്യുന്നതിനും സംശയങ്ങൾ ദുരീകരിക്കുന്നതിനും സഹായകമാകുന്നു.<br>2. ഊർജ്ജ സംരക്ഷണ നിയമ നടത്തിപ്പിൻെറ ഭാഗമായി വരുന്ന സ്റ്റാർ |

ലേബലിംഗ് പോലെയുള്ള പുതിയ പരിപാടികൾ, കാര്യക്ഷമതയില്ലാത്ത ഉപകരണങ്ങൾ എന്നിവയെപ്പറ്റി അറിവ് നൽകുന്നു.

3. വീടുകളിൽ ഉപയോഗിച്ചു വരുന്ന ഉപകരണങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും, മറ്റുള്ളവരെ അത് മനസ്സിലാക്കുന്നതിനും സാധിക്കുന്നു.

4. സാമ്പത്തിക നേട്ടം, സാമൂഹ്യമായ ഇടപെടൽ വഴിയുള്ള സ്ത്രീശാക്തീ കരണം എന്നിവയും സാദ്ധ്യമാകുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത പദ്ധതി ഏതെല്ലാം ഏജൻസികൾ മുഖേനയാണ് നടപ്പാക്കുന്നത്; വിശദമാക്കുമോ; | (ബി) | എനർജി മാനേജ്മെൻറ് സെൻറർ നേരിട്ടാണ് ഈ പരിപാടികൾ നടപ്പിലാക്കുന്നത് |
| (സി) | സംസ്ഥാനത്ത് എവിടെയെല്ലാമാണ് ഇത് നടപ്പാക്കുന്നത്; | (സി) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഇത് നടപ്പാക്കുന്നുണ്ട്. |
| (ഡി) | പദ്ധതി വ്യാപിപ്പിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണം ഉറപ്പാക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി എല്ലാ പഞ്ചായത്തുകളിലും ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പുമായി ആലോചിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ